"ഭരണഭാഷ മാതൃഭാഷ"

*"കസ്റ്റഡി*
*തിരുത്തൽ*
*നവീകരണം*
*പുനരധിവാസം"*

ആസ്ഥാനകാര്യാലയം,
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം

0471-2342532

www.keralaprisons.gov.in

**കേരള പ്രിസൺസ് &**
**കറക്ഷണൽ സർവ്വീസസ്**

keralaprisons@gov.in

**ഇണ്ടാസ് നം: KPCS/4409/2026-E1; തീയതി: 10-08-2026**

പൊതുസ്ഥലംമാറ്റ മാർഗ്ഗനിർദ്ദേശങ്ങളിലെ പ്രത്യേക മുൻഗണനാ പട്ടികയിൽ **ടൈപ്പ്-1 പ്രമേഹബാധിതരായ സർക്കാർ ജീവനക്കാർക്കും, ടൈപ്പ്-1 പ്രമേഹബാധിതരായ കുട്ടികളുടെ സർക്കാർ ജീവനക്കാരായ മാതാപിതാക്കൾക്കും പ്രത്യേക മുൻഗണന അനുവദിച്ചുകൊണ്ട് പുതുക്കി നിശ്ചയിച്ച സർക്കാർ ഉത്തരവിന്റെ** പകർപ്പ് അറിവിലേക്കും ആവശ്യമായ നടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Krishnaja K
PA TO DGP&CS

സ്വീകർത്താവ്: ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും.

പകർപ്പ്: എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ആഭ്യന്തര (ജി) വകുപ്പ്

നമ്പർ-**G3/161/2026-HOME** **04-08-2026**,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പൊലീസ് മേധാവി, തിരുവനന്തപുരം

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്, തിരുവനന്തപുരം

ഡയറക്ടർ ജനറൽ ഓഫ് ഫയർ & റെസ്ക്യൂ സർവീസസ്, തിരുവനന്തപുരം

രജിസ്ട്രാർ ജനറൽ, ഹൈക്കോടതി, എറണാകുളം

ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, എറണാകുളം

ചീഫ് കെമിക്കൽ എക്സാമിനർ, തിരുവനന്തപുരം

സർ,

വിഷയം:- ആഭ്യന്തര വകുപ്പ്ടൈപ്പ്-1 പ്രമേഹബാധിതരായ സർക്കാർ ജീവനക്കാർക്കും ടൈപ്പ്-1 പ്രമേഹബാധിതരായ കുട്ടികളുടെ സർക്കാർ ജീവനക്കാരായ മാതാപിതാക്കൾക്കും പൊതുസ്ഥലംമാറ്റത്തിലും നിയമനത്തിലും അനുവദിച്ച പ്രത്യേക മുൻഗണന പുതുക്കി നിശ്ചയിച്ച സർക്കാർ ഉത്തരവ് – സംബന്ധിച്ച്

സൂചന:- **01.08.2026**ലെ സ.ഉ(കൈ)നം **.16/2026/P&ARD**

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പൊതുസ്ഥലംമാറ്റ മാർഗ്ഗനിർദ്ദേശങ്ങളിലെ പ്രത്യേക മുൻഗണനാ പട്ടികയിൽ ,ടൈപ്പ് വൺ പ്രമേഹ ബാധിതരായ സർക്കാർ ജീവനക്കാർക്കും, ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികളുടെ സർക്കാർ ജീവനക്കാരായ മാതാപിതാക്കൾക്കും പ്രേത്യേക മുൻഗണന നല്കിക്കൊണ്ടുള്ള സൂചന സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

Digitally signed by
Suja H
Date: 04-08-2026
17:52:33

**SUJA H**

**UNDER SECRETARY**

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

പകർപ്പ്-ആഭ്യന്തര വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.

"ഭരണഭാഷ- മാതൃഭാഷ"

01 AUG 2026

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉദ്യോഗസ്ഥഭരണപരിഷ്‌ക്കാര വകുപ്പ് - സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും - ടൈപ്പ് വൺ പ്രമേഹ ബാധിതരായ സർക്കാർ ജീവനക്കാർക്കും, ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികളുടെ സർക്കാർ ജീവനക്കാരായ മാതാപിതാക്കൾക്കും പ്രത്യേക മുൻഗണന - ക്രമ നമ്പർ പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്‌ക്കാര (ട്രെയിനിംഗ് ബി) വകുപ്പ്**

സ.ഉ.(കൈ) നം.16/2026/P&ARD തീയതി,തിരുവനന്തപുരം, 01-08-2026

---

പരാമർശം:- 1. 25.02.2017 തീയതിയിലെ സ.ഉ.(പി) 3/2017/ഉ.ഭ.പ.വ

2. 10.06.2024 തീയതിയിലെ സ.ഉ(കൈ) 9/2024/ഉ.ഭ.പ.വ. .

3. സംസ്ഥാന ഭിന്ന ശേഷി കമ്മീഷണറുടെ 11.07.2024 തീയതിയിലെ OP (RPWD) No.05/എസ്.6/2024/SM /എസ്. സി. പി .ഡബ്ല്യൂ .ഡി നമ്പർ കത്ത്തിനു

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനായുമുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ശ്രീമതി.ബുഷ്‌റ ശിഹാബ് ബഹു. മുഖ്യമന്ത്രിക്കും, ചീഫ് സെക്രട്ടറിക്കും മനുഷ്യാവകാശ കമ്മീഷനും സമർപ്പിച്ച അപേക്ഷയിൽ ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികളുടെ സർക്കാർ ജീവനക്കാരായ മാതാപിതാക്കൾക്കും, ടൈപ്പ് വൺ പ്രമേഹ ബാധിതരായ സർക്കാർ ജീവനക്കാർക്കും പ്രസ്തുത അസുഖത്തിന്റെ സങ്കീർണ്ണാവസ്ഥ കണക്കിലെടുത്ത് പൊതു സ്ഥലം മാറ്റത്തിൽ മുൻഗണന നല്കണമെന്നാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ രോഗത്തിന്റെ സങ്കീർണ്ണാവസ്ഥ കണക്കിലെടുത്ത്, സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനായുമുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ചു കൊണ്ട് പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിൽ, പരിരക്ഷിക്കപ്പെട്ട/ പ്രഥമഗണനീയ വിഭാഗങ്ങളിൽ അനുബന്ധം അഞ്ചാമതായി ചേർത്തിരിക്കുന്ന അതായത്, സെറിബ്രൽ പാൾസി ഉൾപ്പെടെയുള്ള ചലനവൈകല്യം, ഭേദപ്പെട്ട കുഷ്ഠം, അസാധാരണമായ പൊക്കക്കുറവ്, ആസിഡ് ആക്രമണത്തിന് വിധേയമായവർ, പേശീ സംബന്ധമായ അസുഖമുള്ളവർ (Locomotor disability including cerebral palsy, cured leprosy, dwarfism, acid attack victim, muscular dystrophy) എന്നിവരോടൊപ്പം ടൈപ്പ് വൺ പ്രമേഹ ബാധിതരായ സർക്കാർ

ജീവനക്കാരെയും, അനുബന്ധം എട്ടാമതായി ചേർത്തിരിക്കുന്ന അതായത്, ഓട്ടിസം/സെറിബ്രൽ പാൾസി ബാധിച്ച കുട്ടികളുടെ മാതാപിതാക്കൾ എന്നിവരോടൊപ്പം ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികളുടെ സർക്കാർ ജീവനക്കാരായ മാതാപിതാക്കളെയും ഉൾപ്പെടുത്തി പരാമർശം (1) ഉത്തരവിന് ഭേദഗതി വരുത്തി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ ടൈപ്പ് വൺ പ്രമേഹം 2016 ലെ ഭിന്നശേഷി അവകാശ നിയമപ്രകാരമുള്ള പ്രത്യേക പരിഗണന അർഹിക്കുന്ന ഭിന്നശേഷിയുടെ പട്ടികയിൽ ഉൾപ്പെടുന്ന അസുഖമല്ലെന്നു പരാമർശം (3) പ്രകാരം ലഭ്യമായ ശിപാർശയുടെ അടിസ്ഥാനത്തിലും, നിയമ, സാമൂഹ്യ നീതി വകുപ്പുകളുടെ അഭിപ്രായവും കണക്കിലെടുത്ത് പരാമർശം (2) ഉത്തരവ് റദ്ദു ചെയ്യും, ടൈപ്പ് വൺ പ്രമേഹത്തിന്റ സങ്കീർണാവസ്ഥ കണക്കിലെടുത്ത് ടൈപ്പ് വൺ പ്രമേഹ ബാധിതരായ സർക്കാർ ജീവനക്കാരെ പരാമർശം (1) ഉത്തരവിന്റെ അനുബന്ധമായി ചേർത്തിരിക്കുന്ന പ്രത്യേക മുൻഗണനാ പട്ടികയിലെ ക്രമനമ്പർ (6) നുശേഷം 6(a) ആയും, ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികളുടെ സർക്കാർ ജീവനക്കാരായ മാതാപിതാക്കളെ ക്രമ നമ്പർ (10) നുശേഷം 10(a) ആയും ചേർത്ത് ഉത്തരവാകുന്നു.

പരാമർശം (2) പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്ക്/പ്രിൻസിപ്പൽ
സെക്രട്ടറിമാർക്ക്/സെക്രട്ടറിമാർക്ക്/ സ്പെഷ്യൽ സെക്രട്ടറിമാർക്ക്/സെക്രട്ടേറിയേറ്റിലെ
എല്ലാ ഓഫീസർമാർക്കും
എല്ലാ വകുപ്പുമേധാവികൾക്കും ഓഫീസുകൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും എല്ലാ
സെക്ഷനുകൾക്കും
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി/
ശ്രീ.ശങ്കരാചാര്യസംസ്കൃത സർവ്വകലാശാല,കേരള കാർഷിക സർവകലാശാല
മണ്ണുത്തി (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് പബ്ലിക് സർവീസ് കമീഷൻ, തിരുവനന്തപുരം.(ആമുഖ
കത്ത് സഹിതം)
സെക്രട്ടറി കേരള നിയമസഭ,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ
കത്ത് സഹിതം)

സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്
നിയമ വകുപ്പ് (OPN-E1/444/2024-LAW പ്രകാരം)
സാമൂഹ്യ നീതി വകുപ്പ് (SJD-B1/12/2025-SJD പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും പത്രമാധ്യമങ്ങൾക്ക് നൽകുന്നതിനുമായി)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (www.pard.kerala.gov.in എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

Digitally signed by
Aravind .C.M
Date: 01-08-2026
11:32:16

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്